**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1167

**01 .07.2015-ൽ**
**മറുപടിയ്ക്ക്**

## 'ഭൂനികുതി സ്വീകരിക്കാത്തതു മൂലമുള്ള പ്രശ്നങ്ങൾ'

**ചോദ്യം**
**ശ്രീ. കുഞ്ഞമ്മത് മാസ്റ്റർ**

**മറുപടി**
**ശ്രീ. അടൂർ പ്രകാശ്**
**റവന്യൂവും കയറും വകുപ്പ് മന്ത്രി**

| ചോദ്യം | മറുപടി |
|---|---|
| (എ) കോഴിക്കോട് ജില്ലയിലെ ചില പ്രദേശങ്ങളിൽ ഭൂനികുതി സ്വീകരിക്കാത്തതു മൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഉണ്ടെങ്കിൽ ഏതൊക്കെ വില്ലേജ് പരിധിയിലാണ് നികുതി സ്വീകരിക്കാത്തതെന്നും ഇതിന് കാരണമെന്താണെന്നും വ്യക്തമാക്കുമോ; | (ബി) കായക്കൊടി, മരുതോങ്കര, കാവിലുംപാറ, വിലങ്ങാട്, തിനൂർ വില്ലേജുകളിൽ ഭൂമി ഇ. എഫ്. എൽ. പരിധിയിൽ ഉൾപ്പെടുത്തിയതിനാലും, കൂരാച്ചുണ്ട് വില്ലേജിൽ വനഭൂമി കൈയ്യേറ്റം മൂലവും ചക്കിട്ടപ്പാറ വില്ലേജിൽ ചില ഭൂമികൾ പാരിസ്ഥിതിക ദുർബലപ്രദേശമായി പ്രഖ്യാപിക്കപ്പെട്ടതിനാലും, പുതുപ്പാടി, ഈങ്ങാപ്പുഴ വില്ലേജുകളിൽ അപേക്ഷകരുടെ സ്ഥലം തരം മാറ്റിയതിനാലും മറ്റ് ചിലതിന് യഥാർത്ഥ പ്രമാണമോ പട്ടയമോ ഇല്ലാത്തതിനാലും നികുതി സ്വീകരിക്കുന്നില്ല. |
| (സി) ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദീകരിക്കുമോ? | (സി) കൂരാച്ചുണ്ട് കയ്യേറ്റഭൂമിയിലെ 01/01/1977-നു മുമ്പുള്ള കൈവശങ്ങൾക്ക് ഭൂനികുതി സ്വീകരിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. മറ്റ് കേസുകളിൽ വനഭൂമി ഒഴികെയുള്ള ഭൂമിക്ക് നികുതി സ്വീകരിക്കുന്നതിനുള്ള നടപടി നടന്നു വരുന്നു. |

(signature) 1/7/15

സെക്ഷൻ ഓഫീസർ